# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
## മേഖലാ ഓഫീസ്, കൊല്ലം

കൊല്ലം,

തീയതി :19.08.2019

**പത്രക്കുറിപ്പ്**

ജയിൽ വകുപ്പിൽ അസിസ്റ്റന്റ് പ്രിസൺഓഫീസർ തസ്തികയ്ക്ക് (കാറ്റഗറി നമ്പർ : 456/16) 16.07.2019 തീയതിയിൽ പ്രസിദ്ധീകരിച്ച ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് 26.08.2019 മുതൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ കൊല്ലം , എറണാകുളം, കോഴിക്കോട് മേഖലാ ഓഫീസുകളിൽ വച്ച് ശാരീരിക അളവെടുപ്പ് നടത്തുന്നു. തിരുവനന്തപുരം,കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ ഉദ്യോഗാർത്ഥികൾക്ക് 26.08.2019 മുതൽ 04.09.2019 വരെകേരള പബ്ലിക് സർവ്വീസ് കമ്മീഷൻ കൊല്ലം മേഖലാ ഓഫീസിലും ,കോട്ടയം, ഇടുക്കി, എറണാകുളം ,തൃശ്ശൂർ , പാലക്കാട് ജില്ലകളിലെ ഉദ്യോഗാർത്ഥികൾക്ക് 26.08.2019 മുതൽ 04.09.2019 വരെ എറണാകുളം മേഖലാ ഓഫീസിലും ,മലപ്പുറം,കോഴിക്കോട്, വയനാട് , കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ഉദ്യോഗാർത്ഥികൾക്ക് 26.08.2019 മുതൽ 16.09.2019 വരെ കോഴിക്കോട് മേഖലാ ഓഫീസിലും വച്ചാണ് ശാരീരിക അളവെടുപ്പ് നടത്തുന്നത്. ഉദ്യോഗാർത്ഥികൾക്ക് ഇതു സംബന്ധിച്ച് Profile, SMS മെസ്സേജുകൾ നൽകിയിട്ടുണ്ട്. ഉദ്യോഗാർത്ഥികൾ അവരവരുടെ പ്രൊഫൈലിൽനിന്നും ഡൗൺലോഡ് ചെയ്തെടുത്ത അഡ്മിഷൻ ടിക്കറ്റ്, കമ്മീഷൻ അംഗീകരിച്ചിട്ടുള്ള ഏതെങ്കിലും ഒരു തിരിച്ചറിയൽ രേഖയുടെ അസ്സൽ എന്നിവ സഹിതം നിശ്ചിത സ്ഥലത്തും,സമയത്തും ,തീയതിയിലും ഹാജരാകേണ്ടതാണ്.

Sd/-
മേഖലാ ഓഫീസർ
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
മേഖലാ ഓഫീസ്, കൊല്ലം